"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - 2022-2023 വർഷത്തെ ഭരണറിപ്പോർട്ട് പുനരവലോകനം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.43/2024/LBR     തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 13.05.2024 ലെ എസ്.റ്റി 1–74/2024/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ 2022 - 2023 വർഷത്തെ ഭരണ റിപ്പോർട്ട് പുനരവലോകനം ചെയ്ത് താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തുന്നു.

2) റിപ്പോർട്ട് വർഷത്തിൽ ഡോ.മാലിനി.എസ് ഡയറക്ടറായി ചുമതല വഹിച്ചു. ഇ.എസ്.ഐ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യസഹായം നൽകുന്നതിനായി 9 ഇ.എസ്.ഐ ആശുപത്രികളും 145 ഇ.എസ്.ഐ ഡിസ്പെൻസറികളും 13 ഹോമിയോ യൂണിറ്റുകളും, 10 ആയുർവേദ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ 20 കിടക്കകളുള്ള ഒരു ആയുർവ്വേദ ഇൻപേഷ്യന്റ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. www.ims.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ്ബ് സൈറ്റ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം ലഭ്യമാണ്.

3) പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ 2019-20- ന്റെ ഭാഗമായി വകുപ്പിന് കീഴിലുള്ള പേരൂർക്കട, വടവാതൂർ, ആലപ്പുഴ, എറണാകുളം, ഒളരിക്കര, ഫറോക്ക് എന്നീ 6 ഇ.എസ്.ഐ ആശുപത്രികളിൽ പോസ്റ്റ് ഓപ്പറേറ്റീവ് ലെവൽ, ഐ.സി യൂണിറ്റുകളുടെ പ്രവർത്തനോദ്ഘാടനം 2022 നവംബർ 30 ന് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.വി ശിവൻകുട്ടി

നിർവ്വഹിച്ചു. പി.ഐ.പി 2019-20-ൽ ഉൾപ്പെടുത്തി വകുപ്പിൽ ആദ്യമായി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് 25.03.2023 ന് ബഹു.വടക്കാഞ്ചേരി എം.എൽ.എ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

4) വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ 2,782 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. 13.01.2023 ലെ സ.ഉ (സാധാ) നം.46/2023/തൊഴിൽ പ്രകാരം ആക്സിലറി നഴ്സ് മിഡ്‌വൈഫ് തസ്തിക ആക്സിലറി നഴ്സ് മിഡ് വൈഫ് ഗ്രേഡ്-II ആയി പുനർനാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. പേരൂർക്കട, വടവാതൂർ, ആലപ്പുഴ, എറണാകുളം, ഒളരിക്കര, ഫറോക്ക് എന്നീ ഇ.എസ്.ഐ ആശുപത്രികളിൽ ആരംഭിച്ച പോസ്റ്റ് ഓപ്പറേറ്റീവ് ലെവൽ ഐ.സി യൂണിറ്റുകളിൽ 4 നഴ്സിംഗ് ഓഫീസർമാരെ വീതം (6X4 ആകെ 24) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി 4 ഡയാലിസിസ് ടെക്നീഷ്യന്മാരെ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വകുപ്പിലെ ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ 26 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും 03 എണ്ണം പൂർത്തിയാക്കുകയും ഒരു ജീവനക്കാരനെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട് .

5) ബഹുമുഖമായ ക്ഷേമപ്രവർത്തനങ്ങൾ ഇ.എസ്.ഐ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഫിസിക്കൽ മെഡിസിന്റെയും പുനരധിവാസത്തിന്റെയും ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ 20 കിടക്കകളുള്ള ഒരു ആയുർവ്വേദ ഇൻപേഷ്യന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. രണ്ടോ അതിലധികമോ ഡോക്ടർമാരുള്ള ഡിസ്പെൻസറികൾ രണ്ട് ഷിഫ്റ്റുകളിലായി രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ തുടർച്ചയായിട്ട് പ്രവർത്തിക്കുന്നു. ഒരു ഡോക്ടർ മാത്രമുള്ള ഡിസ്പെൻസറികൾ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ പ്രവർത്തിക്കുന്നു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ നിന്നും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ഫോർട്ട് കൊച്ചി, ചക്കോരത്തുകുളം സബ് സ്റ്റോറുകളിൽ നിന്നും ഇ.എസ്.ഐ ആശുപത്രികളിലേയ്ക്കും ഡിസ്പെൻസറികളിലേയ്ക്കും ആവശ്യമായ മരുന്നുകളും മറ്റുപകരണങ്ങളും വിതരണം ചെയുന്നു. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടേയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും നിർദ്ദേശാനുസരണം മരുന്നുകളും മറ്റുപകരണങ്ങളും പുറമേ നിന്നും വാങ്ങി ചികിത്സ നടത്തുന്ന തൊഴിലാളികൾക്ക് റീ-ഇംബേഴ്സ്മെന്റ്

നൽകുന്നുണ്ട്. ഡിസ്പെൻസറികളിൽ റിപ്പോർട്ട് വർഷം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി 4733129 ചികിത്സാ അവസരങ്ങൾ ലഭിക്കുകയുണ്ടായി. ആശുപത്രികളിൽ കിടത്തി ചികിത്സ കിട്ടിയ അവസരങ്ങൾ 14541 ആണ്. റിപ്പോർട്ട് വർഷം 11 ആയുർവ്വേദ യൂണിറ്റുകളിലായി 64786 പേരും 13 ഹോമിയോ യൂണിറ്റുകളിലായി 39492 പേരും ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയുണ്ടായി. 9 ഇ.എസ്.ഐ ആശുപത്രികളിലായി 725 കിടക്കകളും പുലയനാർകോട്ട അനക്സിൽ (നെഞ്ചുരോഗ ആശുപത്രി) 9 കിടക്കകളും, പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി കിടത്തി ചികിത്സിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളും കുടുംബാംഗങ്ങളും പ്രസ്തുത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

6) സൂപ്പർ സ്പെഷ്യാലിറ്റി ഒഴികെ വിദഗ്ധ ഡോക്ടർമാരുടെ സേവനം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ലഭ്യമാക്കുന്നതിനായി നടപ്പുവർഷം എല്ലാ വിഭാഗത്തിലുമുള്ള 61 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഇ.എസ്.ഐ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിനു പുറമേ ഗുരുതരാവസ്ഥയിലുള്ള തൊഴിലാളികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് പ്രൈവറ്റ് ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ചിലവ് സർക്കാർ വഹിക്കുന്നു. കൂടാതെ അടിയന്തിര ചികിത്സക്ക് എംപാനൽ ചെയ്യാത്ത ആശുപത്രിയിൽ ചികിത്സ തേടിയാൽ ചിലവായ തുക റീ-ഇംമ്പേഴ്സ്മെന്റായി ഉപഭോക്താക്കൾക്ക് നൽകുന്നു. ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അതിവിദഗ്ധ ചികിത്സ ആവശ്യമായി വരുമ്പോൾ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ റഫറൻസോടുകൂടി എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സിപ്പിക്കുന്നു. എംപാനൽ ആശുപത്രികൾക്കുള്ള സാമ്പത്തിക സഹായം ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ ശുപാർശയോടു കൂടി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ സി.ജി.എച്ച്.എസ് നിരക്കിൽ നൽകുന്നു.

7) റിപ്പോർട്ട് വർഷം എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഡിസ്പെൻസറികളിലും കുടുംബക്ഷേമ പരിപാടികൾ നടത്തിയിട്ടുണ്ട്. അർഹരായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൃത്രിമ അവയവങ്ങൾ, കണ്ണട മുതലായവ നൽകിയ ഇനത്തിൽ 75,40,652 രൂപ ചെലവായി. റിപ്പോർട്ട് വർഷം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുകയോ നിലവിലുള്ള വാഹനങ്ങൾ ഡിസ്പോസ് ചെയ്യുകയോ ചെയ്തിട്ടില്ല. റിപ്പോർട്ട് വർഷത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ ഒന്നും തന്നെ പ്രസിദ്ധീകരിച്ചിട്ടില്ല.

8) ഇ.എസ്.ഐ കോർപ്പറേഷന്റെ 117-ാമത് റീജിയണൽ ബോർഡ് യോഗം 15.07.2022-ന് ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

ശ്രീ.വി.ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 10-ാമത് മീറ്റിംഗ് 16.12.2022 -ന് ചേരുകയുണ്ടായി.

9) വിവരാവകാശനിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് വകുപ്പ് നൽകുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, സേവനം നൽകാൻ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

10) റിപ്പോർട്ട് വർഷം ഔദ്യോഗിക ഭാഷാവ്യാപനത്തിന്റെ ഭാഗമായി വിപുലമായ പരിപാടികൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി മുഴുവൻ ഫയലുകളും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം ഈ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കോടതികളിലേക്കും, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കും മാത്രമേ ഇംഗ്ലീഷിൽ കത്തുകൾ അയയ്ക്കുന്നുള്ളൂ. ഈ വകുപ്പിലെ സ്ഥാപനങ്ങളുടെയും ഓഫീസർമാരുടെയും പേരുകൾ മലയാളത്തിലെഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. വാഹനത്തിന്റെ ബോർഡുകൾ മലയാളത്തിലെഴുതിയിട്ടുണ്ട്. ‘മലയാളം നമ്മുടെ ഭരണഭാഷ, അപേക്ഷകളും പരാതികളും നിർദ്ദേശങ്ങളും ദയവായി മലയാളത്തിൽ നൽകുക’ എന്ന ബോർഡ് ഓഫീസുകൾക്ക് മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും ഔദ്യോഗികതലത്തിലുപയോഗിക്കുന്ന 5 ആംഗലേയ പദങ്ങളുടെ വീതം സമാന മലയാളപദങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നുണ്ട്. മലയാളപുസ്തകങ്ങൾ ഉൾപ്പെടുത്തി വകുപ്പാസ്ഥാനത്ത് നല്ല രീതിയിൽ ഒരു ലൈബ്രറി നടത്തുന്നുണ്ട്.

11) ഇ-ഗവേണൻസ് നയപരിപാടികൾ നടപ്പിലാക്കുന്നതിനും, സർക്കാർ, പി.എസ്.സി, മറ്റ് സംഘടനകൾ, മറ്റു വകുപ്പുകൾ എന്നിവയുടെ ഇ-ഗവേണൻസ് പ്രോജക്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനും കൂടാതെ വകുപ്പിനാവശ്യമായ സോഫ്റ്റ് വെയറുകൾ/ആപ്ലിക്കേഷനുകൾ നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി ഒരു ഐ.ടി ഡിവിഷൻ പ്രവർത്തിച്ചു വരുന്നു.

12) റിപ്പോർട്ട് വർഷം എല്ലാ സ്ഥാപനങ്ങളിലും ഇ-ഓഫീസ് ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിനു താഴെയുള്ള 145 ഇ.എസ്.ഐ ഡിസ്പെൻസറികളിലും, 9 ഇ.എസ്.ഐ ആശുപത്രികളിലും ഹാർഡ് വെയർ മെച്യൂരിറ്റി വരുത്തുകയുണ്ടായി. നെറ്റ് വർക്ക് സുഗമമായി ലഭിക്കുന്നതിന്റെ ഭാഗമായി 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ മൾട്ടിവാൻ ലഭ്യമാക്കുകയും 9 ഇ.എസ്.ഐ ആശുപത്രികളിൽ കെ-സ്വാൻ നെറ്റ് വർക്കിംഗ് നിർവ്വഹിക്കുകയും ചെയ്തു. ഡയറക്ടറേറ്റിലും, മൂന്നു റീജിയണൽ ഡെപ്യൂട്ടി

ഡയറക്ടറുടെ ഓഫീസുകളിലും 2021-22 സാമ്പത്തിക വർഷത്തിന് മുൻപ് തന്നെ ഇ-ഓഫീസ് **100%** നടപ്പിലാക്കിയിരുന്നു.

13) റിപ്പോർട്ട് വർഷം ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിൽ സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 16.01.2023 മുതൽ നിലവിൽ വന്നു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി, കെൽട്രോൺ മുഖേന മെഷീനുകൾ സ്ഥാപിക്കുകയും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക് പഞ്ചിംഗ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോൺ എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എത്തിച്ചു. ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട, ആലപ്പുഴ, വടവാതൂർ, എറണാകുളം ഫെറോക്ക്, തോട്ടട, പാലക്കാട് എന്നിവിടങ്ങളിലെ ഇൻസ്റ്റലേഷൻ പൂർത്തിയായി. ഇ.എസ്.ഐ ആശുപത്രി, മുളങ്കുന്നത്തുകാവ്, ഒളരിക്കര എന്നിവിടങ്ങളിലെ ഇൻ സ്റ്റലേഷൻ 18.12.2023 -നകം പൂർത്തിയായിട്ടുണ്ട്. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 2024 ജനുവരി മാസത്തിനുള്ളിൽ ആരംഭിക്കുന്നതിന് എല്ലാ ഇ.എസ്.ഐ ആശുപത്രികളിലെ സൂപ്രണ്ടുമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

14) റിപ്പോർട്ട് വർഷം വകുപ്പിന്റെ മൊത്തം ചെലവ് 3,36,54,56,095/- രൂപയാണ്. വകുപ്പിന്റെ റിപ്പോർട്ട് വർഷത്തെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

15) ഭരണ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
പൊതുഭരണ (പാർലമെന്റ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്)കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.എം.ജി, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിംഗ് റോഡ്, ന്യൂ ഡൽഹി (ആമുഖ കത്ത് സഹിതം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 13-06-2024 12:32:28
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.